**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമസഭകളും വാർഡുസഭകളും യഥാസമയം രൂപീകരിക്കാത്തതിനെതിരെയും യോഗം വിളിച്ചു ചേർക്കാത്തതിനെതിരെയും, പഞ്ചായത്ത് രാജ് നഗരപാലിക കാംപയിൻ കമ്മിറ്റി കൺവീനർ ഫയൽ ചെയ്ത WP(C) നം. 13813/2016 (b) തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ(സാധാ)നം. **1959**/2016/തസ്വഭവ തിരുവനന്തപുരം, തീയതി : **21.06.2016**

പരാമർശം: -(1) പഞ്ചായത്ത് രാജ് നഗരപാലിക കാംപയിൻ കമ്മിറ്റി കൺവീനർ അഡ്വ.ജോൺ ജോസഫ് സമർപ്പിച്ച 11.03.2016-ലെ നിവേദനം.

(2) WP(C) നം. 13813/16(b) യിൽ ബഹു. കേരള ഹൈക്കോടതിയുടെ 07.04.16-ലെ വിധിന്യായം.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് കഴിഞ്ഞ് മൂന്ന് മാസം പിന്നിട്ടിട്ടും, പഞ്ചായത്തിരാജ് ചട്ടം 1994 (സെക്ഷൻ-3) 2015-ലെ മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരം ചില ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭകളും മുനിസിപ്പാലിറ്റികളിൽ, വാർഡു കമ്മിറ്റി /വാർഡു സഭകളും നടത്തിയിട്ടില്ലെന്നും, ഇതിനെതിരെ പഞ്ചായത്തി രാജ് നഗരപാലിക കാംപയിൻ കമ്മിറ്റി കൺവീനർ ഫയൽ ചെയ്ത WP(C) നം. 13813/2016 (b)മേൽ ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം (2)-ലെ വിധിന്യായത്തിൽ പരാമർശം (1)-ലെ നിവേദനം നിയമ പ്രകാരം പരിഗണിക്കണമെന്നും അത് പെറ്റീഷണറെ അറിയിക്കണമെന്നും ഉത്തരവായിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 1995-ലെ കേരള മുനിസിപ്പാലിറ്റി (വാർഡ് കമ്മിറ്റി രൂപീകരണവും യോഗനടപടി ക്രമങ്ങളും) ചട്ടങ്ങൾ, 2015-ലെ കേരള മുനിസിപ്പാലിറ്റി (വാർഡ് സഭ രൂപീകരണവും യോഗനടപടി ക്രമങ്ങളും) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമസഭകൾ, വാർഡു സഭകൾ/വാർഡു കമ്മിറ്റികൾ എന്നിവ കുറഞ്ഞപക്ഷം മൂന്നു മാസത്തിലൊരിക്കൽ ചേരണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ചുവടെ ചേർത്തിട്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗ്രാമസഭകൾ, വാർഡു സഭകൾ/വാർഡു കമ്മിറ്റികൾ എന്നിവ പഞ്ചായത്ത് രാജ് ആക്റ്റ്, മുനിസിപ്പൽ ആക്റ്റ് എന്നിവ പ്രകാരം യഥാസമയം കൂടേണ്ടതാണെന്ന് ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കർശന നിർദ്ദേശം നൽകുന്നു. ഇതു സംബന്ധിച്ച അവലോകന റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർ യഥാസമയം സർക്കാരിലേയ്ക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശം നൽകുന്നു. ഇപ്രകാരം ഉത്തരവായിട്ടുള്ള വിവരം ഹർജിക്കാരനെ അറിയിക്കുന്നു.

പരാമർശം (2)-ലെ ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം നടപ്പാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ.കെ.മോഹന കുമാർ,
ജോയിന്റ് സെക്രട്ടറി.

അഡ്വ.ജനറൽ (w.C/L)
കൺവീനർ,പഞ്ചായത്ത് രാജ് നഗരപാലിക കാംപയിൻ കമ്മിറ്റി,
എരിക ടവർ, സെന്റ് വിൻസെന്റ് റോഡ്,എറണാകുളം നോർത്ത്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**